കഥ

# എം.എൽ.എം

വിജയകുമാർ കളരിക്കൽ

പ്രചണ്ഡമായൊരു പേമാരി എന്നു വേണമെങ്കിൽ പറയാം.

അങ്ങിനെയാണവൻ മങ്കാവുടിയിൽ തിരിച്ചെത്തിയത്, ഫോർ റെജിസ്ട്രേഷൻ ബ്ലാക്ക് വാഗനറിൽ.

കറുത്ത പോളീഷ് ചെയ്തു തിളങ്ങുന്ന ഷൂവിൽ, വെളുത്ത സോക്സിൽ, കറുത്ത പാന്റ്സിൽ ക്രീം ഷർട്ട് ഇൻസേർട്ട് ചെയ്ത് ഗോൾഡൻ ബ്രൗൺ ടൈയും കെട്ടി............

അവൻ മങ്കാവുടി പട്ടണത്തിലെ ഫുട്ട്പാത്തിൽനിന്നും ചെരുപ്പുകച്ചവടം വിട്ടുപോയിട്ട് അധികം കാലമൊന്നുമായിട്ടില്ല.

“ആരും സംശയിയ്ക്കരുത്, ഇത് കള്ളക്കടത്തോ, കരിഞ്ചന്തയോ, മോഷണമോ, പിടിച്ചുപറിയോ, ചാത്തൻസേവയോ, അലാവുദ്ദീന്റെ അത്ഭുതവിളക്കിൽനിന്ന് കിട്ടിയതോ ഒന്നുമല്ല.’’അവൻ പറഞ്ഞു.

“ചങ്കുറ്റമുള്ളവരുടെ ബിസിനസ്സാണ്, പക്കാകച്ചവടം. മൾട്ടിലെവൽ മാർക്കറ്റിംഗ്, എം.എൽ.എം.’’

പിന്നീടുള്ള രാത്രികളിൽ കൊണ്ടിപ്പാടത്തെ അവന്റെ അയൽക്കാരായ ഞങ്ങൾക്ക് വിലകൂടിയ സ്ക്കോച്ചിന്റെയും മൊരിച്ച കടലയുടേയും കൂടെ എം.എൽ.എം ബിസിനസ്സിന്റെ വിശേഷണങ്ങളും വിളമ്പിത്തന്നു, ആവോളം..........

പകലുകളിൽ, വീടുകളിൽ വെറുതെയിരിയ്ക്കുന്ന അമ്മമാരോടും പെങ്ങളുമാരോടും ഓതിക്കൊടുത്തു...........

ഓത്തു കേൾക്കുന്നവർ ചെയ്യേണ്ടത് രണ്ട് കാര്യങ്ങൾ മാത്രം.

ചെറിയൊരു തുകമുടക്കി കമ്പനിയിൽ ചേർന്നു നില്ക്കുക; രണ്ട് അടുത്തു ബന്ധുക്കളെ അല്ലെങ്കിൽ ഉറ്റ സുഹൃത്തുക്കളെ കമ്പനിയ്ക്ക് പരിചയപ്പെടുത്തുക.

ആഴ്ചയിൽ ആയിരങ്ങളാണ് ചെക്കായിട്ട് കൊറിയർ വഴി എത്തുന്നത്; ആയിരങ്ങൾ പതിനായിരങ്ങളാകും, പതിനായിരങ്ങൾ.............

അവൻ കൂട്ടിച്ചേർത്തു:

“ഇനി നിങ്ങൾക്ക് രണ്ടാളുകളെ പരിചയപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിലും ഞങ്ങൾ ബിസിനസ്സ് മുമ്പോട്ടുകൊണ്ടുപോകും, അത് ഞങ്ങളുടെ ആവശ്യമാണ്........ കാരണം ഞങ്ങൾക്ക് വരുമാനം വേണം, അതോടൊപ്പം നിങ്ങൾക്കും വരുമാനം കിട്ടും. ഇത് ഒറ്റയ്ക്കുള്ള ബിസിനസ്സല്ല, ഗ്രൂപ്പായിട്ടുള്ളതാണ്.’’

കൊച്ചോരോത പെങ്ങള് വല്ലാതങ്ങ് മോഹിച്ചുപോയി; കൊണ്ടിപ്പാടത്തെ പലരും.

അഞ്ചുസെന്റ് സ്ഥലത്ത് മഴയൊലിച്ചുകിടക്കുന്ന കുശ്ശിനിയിലാണ് ഒറോതപെങ്ങള് താമസ്സം, അതൊന്ന് നന്നാക്കാൻ കഴിഞ്ഞാൽ.............

ഭർത്താവ് മരിച്ച, അഞ്ച് മക്കളുമായിക്കഴിയുന്ന മകളെ സഹായിയ്ക്കാൻ കഴിഞ്ഞാൽ........................

തൊഴിലില്ലാതെ തെണ്ടി നടക്കുന്ന മകനെ ഒന്നു കരകയറ്റാൻ കഴിഞ്ഞാൽ..... സൊസൈറ്റിയിൽ അഞ്ച് സെന്റ് സ്ഥലം പണയം വച്ച് ആ ചെറിയ തുകയുണ്ടാക്കാൻ സഹായിച്ചതും അവൻ തന്നെ......... കമ്പനിയിൽ ഒറോത പെങ്ങളെ ബന്ധപ്പെടുത്തി നിർത്തിയതും അവൻ തന്നെ.

താലിമാല പണയപ്പെടുത്തിയും കൊള്ളപ്പലിശയ്ക്ക് പണം വാങ്ങിയും ഒറോതപെങ്ങളെ പിൻതുടർന്നവരുമുണ്ട്..........

അന്നു രാത്രി,

പിറ്റേന്നു രാത്രി.......

പിന്നെ, പിറ്റേന്നു രാത്രിയിലും ഒറോതപെങ്ങള് ഒരുപാട് സ്വപ്നങ്ങൾ കണ്ടു...............

അയലത്തെ സ്നേഹിതരോടും, ഇത്തിരി അകലയുള്ള ബന്ധുക്കളോടും പറഞ്ഞു നടന്നു,

കെഞ്ചി നടന്നു.

ആഴ്ചകളും മാസങ്ങളും കടന്നു..................

രണ്ടുപേരെ (രണ്ടുപേരെമാത്രം)കമ്പനിയ്ക്ക് പരിചയപ്പെടുത്താൻ ഒറോത പെങ്ങൾക്ക് കഴിഞ്ഞില്ല.

പിന്നീടുള്ള ദിവസങ്ങളോ, ആഴ്ചകളോ, മാസങ്ങളോ ഒറോതപെങ്ങൾക്കായി കാത്തുനിന്നില്ല; ആരും സഹായിച്ചുമില്ല.

ഒരുനാൾ സൊസൈറ്റിക്കാർ വന്ന് കുശ്ശിനിയ്ക്കുള്ളിലിരുന്ന ചെമ്പു പാത്രങ്ങളും കട്ടിലും അലമാരയും ജപ്തിചെയ്തുകൊണ്ടുപോകുമ്പോൾ അവൻ ഫോർ റെജിസ്ട്രേഷൻ ഫോർഡ് ഐക്കണിൽ മങ്കാവുടി വിട്ട് പോയിക്കഴിഞ്ഞിരുന്നു.

@@@@@@@